**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല -കൊല്ലം നഗരസഭ- തൃക്കടവൂർ വില്ലേജ് - കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ 24/02/2021-ലെ TZ/B4/250/20-21 നമ്പർ കത്ത്.

2. കൊല്ലം ജില്ലാടൗൺ പ്ലാനറുടെ 18/05/2021- ലെ TCPKLM/97/2021-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/1180/2021/C3** തീയതി: **11/08/2021**

---

കൊല്ലം ജില്ലയിലെ കൊല്ലം നഗരസഭ പരിധിയിലുള്ള തൃക്കടവൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 103/4-6 എന്നിവയിൽ പ്പെട്ട 1.21 ആർ സ്ഥലത്ത് നിലവിലുള്ള വാസഗൃഹം പൊളിച്ച് PMAY പദ്ധതി പ്രകാരം 55.50 ച.മീ വിസ്തൃതിയിൽ പുതിയ വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. അജിത, അനു ഭവനം, മുരുന്തൽ, പെരിനാട്-PO, കൊല്ലം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി പ്രസിദ്ധീകരിച്ച ഗ്രേറ്റർ കൊല്ലം ഡെവലപ്മെൻറ് പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ

46607

മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. നിർമ്മാണം നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തണം . കൂടാതെ നിർദ്ദിഷ്ട കെട്ടിടത്തിന്റെ തറനിരപ്പ് സമീപത്തെ വെള്ളപ്പൊക്ക രേഖയിൽ നിന്നും ഉയർത്തിയാണ് നിർമ്മിക്കുന്നതെന്നും ഉറപ്പാക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട്/നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.08.[illegible] IST
Reason: Approved

**രാജീവൻ പിട്ടൻ**
**ടൗൺ പ്ലാനർ**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ

പകർപ്പ്:-

1. ടൗൺ പ്ലാനർ, കൊല്ലം
2. ശ്രീമതി. അജിത, അഞ്ചുഭവനം, മരുന്തൽ, പെരിനാട് , കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

46416